**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1634** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>കെട്ടിട നിർമാണ പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ് ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തദ്ദേശസ്വയംഭരണ വകുപ്പിൽ കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

**<u>മറുപടി:</u>** കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് മാറ്റങ്ങൾ വരുത്തുന്നതിന് നിലവിൽ ഉദ്ദേശിക്കുന്നില്ല.

**(ബി)** കെട്ടിട നമ്പർ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചാൽ, തടസ്സങ്ങളൊന്നുമില്ലാത്ത സാഹചര്യത്തിൽ എത്ര ദിവസത്തിനുള്ളിൽ നമ്പർ അനുവദിക്കുമെന്ന് അറിയിക്കാമോ; ഇതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** കെട്ടിട നമ്പർ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചാൽ, തടസ്സങ്ങളൊന്നുമില്ലാത്ത സാഹചര്യത്തിൽ 15 ദിവസത്തിനുള്ളിൽ നമ്പർ അനുവദിക്കും.

ഇതിനായി അപേക്ഷയോടൊപ്പം ഒക്യുപൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**സെക്ഷൻ ഓഫീസർ**